## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5240** **23.05.2017 ൽ മറുപടിയ്ക്ക്**

## റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

| ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ് | ഉത്തരം<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ; | (എ) റബ്ബർ കർഷകർക്ക് ആദ്യ വർഷങ്ങളിലുണ്ടാകുന്ന വരുമാന നഷ്ടം ഒരളവുവരെ പരിഹരിക്കുന്നതിനായി റബ്ബർ ബോർഡുമായി സഹകരിച്ച് പുതുകൃഷി / ആവർത്തന കൃഷി ചെയ്ത റബ്ബർ തോട്ടങ്ങളിൽ ആദ്യത്തെ മൂന്ന് വർഷക്കാലയളവിൽ ലഭ്യമായ സ്ഥലവും സൂര്യപ്രകാശവും പ്രയോജനപ്പെടുത്തി ഇടവിളയായി വാഴ, പച്ചക്കറി വിളകൾ തുടങ്ങിയവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇത് സംബന്ധിച്ച് 12/01/2017-ൽ കോട്ടയത്തെ ഭാരതീയ റബ്ബർ ഗവേഷണ കേന്ദ്രത്തിൽ വെച്ച് കൃഷി ഉദ്യോഗസ്ഥരേയും റബ്ബർ ബോർഡ് ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചു കൊണ്ട് ഒരു ഏകദിന ശില്പശാല നടത്തുകയും, സർക്കാർ തലത്തിൽ മൂന്ന് ചർച്ചകൾ നടത്തുകയുമുണ്ടായി. |
| (ബി) റബ്ബർ കർഷകരെ വിലത്തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) റബ്ബറിന്റെ വില സ്ഥിരത ഉറപ്പാക്കുന്നതിനായി റബ്ബറിന് കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിക്കുകയും താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വില സൂചികയും തമ്മിലുള്ള വ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറി വരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം കാര്യക്ഷമമായി നടപ്പാക്കി വരുന്നു. |
| (സി) റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 200 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; താങ്ങുവില വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**